# ഖുർആൻ ഉള്ളപ്പോൾ  എന്തിന് മദ്ഹബ് ?




ബഹു : വയലിത്തറ മുഹമ്മദ് കുഞ്ഞി മൗലവിയുടെ
വീഡിയോ പ്രഭാഷണം വരികളിലൂടെ

മാന്യ സഹോദരി സഹോദരന്മാരെ,

അസ്സലാമു അലക്കും

വിഭാഗീയ ചിന്ത മാറ്റി വെച്ച്, മുൻ ധാരണ മനസ്സിൽ നിന്നൊഴിവാക്കി സത്യം കണ്ടെത്തുക എന്ന ഒറ്റലക്ഷ്യത്തിൽ, വിവിധവിഷയത്തിലുള്ള ഈ ആറ് സിഡിയും നിഷ്പക്ഷമായി വായിക്കാൻ മാന്യസുഹൃത്തുക്കൾ തയ്യാറാവുക. ആറ് വീഡിയോ സിഡിയിൽ നിന്ന് ഓരോ സിഡിയും വായനക്കാർക്കായി ഓരോ PDFഫയൽ ആയാണ് തയ്യാറാക്കുന്നത്. ഒറ്റ സിഡി വായിച്ചത് കൊണ്ട് മാത്രം ലക്ഷ്യം കൈവരിച്ചെന്ന് വരില്ല. മുഴുവൻ സിഡിയുടെ പിഡിഎഫും അത് തയ്യാറാവുന്നതിനനുസരിച്ച് നിങ്ങളുടെ കൈകളിലേക്കെത്തിക്കുന്നതാണ്. ഇൻശാഅല്ലാഹ്. അതിന് അല്ലാഹു തൗഫീഖ് ചെയ്യട്ടെ ആമീൻ. ഇത് നിങ്ങളുടെ സഹോദരി സഹോദരന്മാർക്കും മറ്റ് സുഹൃത്തുക്കൾക്കും ഫോർവേഡ് ചെ യ്ത്, ഇതിന്റെ പുണ്യം നേടുന്നതിൽ പങ്കാളിയാവുക.

ഈ വീഡിയോ സിഡികൾ വളരെ സാഹസപ്പെട്ട് മലയാള ലിപിയിലേക്ക് മാറ്റിത്തരുന്ന സഹോദരിക്ക് വേണ്ടിയും അത് പോലെ ഇത് ടൈപ്പ് ചെയ്തു സഹകരിക്കുന്ന സഹോദരനും ഇസ്ലാംകേരളയുടെ മറ്റ് പ്രവർത്തകർക്ക് വേണ്ടിയും പ്രത്യേകിച്ച് വയലിത്തറ ഉസ്താദിന്ന് വേണ്ടിയും നിങ്ങളുടെ പ്രത്യേക ദുആ ഉണ്ടയിരിക്കണമെന്ന് വിനയപൂർവ്വം,,,,,,,,,,,,,
നിങ്ങളുടെ സഹോദരൻ സി. പി. അബ്ദുല്ല ചെരുമ്പ

==========================================================================

بِسْمِ اللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

والصلاة والسلام على اشرف الانبياء والمرسلين وعلى اله وصحبه اجمعين

പ്രിയമുള്ള സഹോദരങ്ങളേ, , , , ,

വളരെ യാദൃഛികമായിട്ടാണ് എന്നെ ഈ കുട്ടികൾ ഇവിടെ ക്ഷണിക്കുകയും

ഞാൻ ഇവിടെ വരികയും ചെയ്തത്. ഒരു പ്രത്യേക വിഷയം, അതേ വിഷയമാണ് പ്രസംഗിക്കുന്നതെന്ന് ആരും ചോദിക്കല്ലേ. അതെനിക്ക് സന്തോഷമുള്ള ചോദ്യമല്ല. ഏത് വിഷയമാണ് സംസാരിക്കുന്നതെന്ന് ചോദിച്ചാൽ നിങ്ങൾക്കെന്താ വേണ്ടതെന്ന് എനിക്കറിയോ...... നിങ്ങൾക്കാവശ്യമുള്ളതെന്താണോ അതാ പറയുക, അതു ഞാനവിടെ വരുമ്പോൾ നിങ്ങൾ പറഞ്ഞാൽ മതി, അതു ഞാൻ പറയാം....

www.islamkerala.com

ഏതായാലും ഇവിടെ വന്നപ്പോൾ ഒരു പ്രധാനപ്പെട്ട, അതായത് ''തർക്കവിതർക്കങ്ങളുടെ ഒരു തരംഗം തന്നെ സൃഷ്ടിക്കാൻ മാത്രം പോരുന്ന'' എന്നാണ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ഞാനെഴുതിയ ഒരു പുസ്തകത്തിന്റെ അവതാരികയിൽ എഴുതിയിരുന്നത്. തർക്കവിതർക്കങ്ങളുടെ ഒരു തരംഗം തന്നെ സൃഷ്ടിക്കാൻ മാത്രം പോരുന്ന അതായത് അങ്ങിനെ ഉണ്ടാവും എന്നല്ല പറയുന്നത്, അതായത് അങ്ങിനത്തെ കാര്യങ്ങൾ വളരെ നല്ല രീതിയിൽ ആർക്കും ബുദ്ധിമുട്ട് വരാത്ത വിധത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത് എന്നാണ്.

വളരെകാലത്തെ സുഹൃത്തുക്കളുടെയും അടുപ്പക്കാരുടെയും നിരന്തരമായ നിർദ്ദേശം കാരണം പ്രസംഗങ്ങളും പുസ്തക രൂപേണ ആക്കണം എന്നു തോന്നി. ഞാൻ തർക്കവും കക്ഷിത്വവും ഒന്നും സംസാരിക്കാൻ വന്ന ആളല്ല. ആറ് മാസം മുൻപ് എന്റെ മഹല്ലിൽ തന്നെ അഞ്ഞൂറോളം തലപ്പാവ് ധരിച്ച ആൾക്കാർ ഇരിക്കുന്ന മജ്ലിസിൽ, അതിൽ തലപ്പാവ് വെറുക്കുന്ന ആൾക്കാറും ഉണ്ട്. എന്നുവെച്ചാൽ നമ്മുടെ ഇടയിലുള്ള എല്ലാപാർട്ടിയിലും പെട്ട എല്ലാ ഇനക്കാരും ഒന്നിച്ചിരുന്നാണ് എന്നെക്കോണ്ടീ ക്ലാസെടുപ്പിച്ചത്.

ആരും മജ്ലിസിൽ നിന്നിറങ്ങിപ്പോയിട്ട് പരസ്പരം ഒരുതർക്കമോ മിണ്ടലോ വർത്താനോ ഒന്നും ഉണ്ടായിട്ടില്ല...

എല്ലാവരും സന്തോഷമായിട്ട് കേട്ട്കൊണ്ടിരുന്നത്.... അങ്ങിനെ ആ വിഷയമാണ് എനിക്കിവിടെ വച്ചിരിക്കുന്നത്.....

ഇത് ഏതാണ്ട് 190 ഓളം പേജുള്ള ഒരു പുസ്തകമായി രൂപാന്തരപ്പെട്ടു കഴിഞ്ഞു.... അതിപ്പോൾ ഇവിടെ അടിച്ചു കൊണ്ടിരിക്കുന്നു 3000 കോപ്പി. ആ പുസ്തകം വായിക്കുന്നവർ രണ്ടു പ്രാവിശ്യമെങ്കിലും ഞാനീ പ്രസംഗിക്കുന്നത് കേട്ട് കഴിഞ്ഞതിന് ശേഷം ആ പുസ്തകം വായിച്ചാൽ വളരെ എളുപ്പത്തിൽ കാര്യങ്ങൾ തിരിയും. ഞാനാ പുസ്തകം നോക്കിയിട്ട് ഇത് പബ്ലിക്ക് വായിച്ചാൽ കെട്ടിത്തിരിയോലോ എന്നെനിക്ക് തോന്നി....

ഒരു معاد എന്ന പയ്യൻ എന്നെ സഹായിക്കാനായി കൂടെ ഉണ്ട്..... ഞാനിങ്ങനെ കസേരയിൽ കിടന്നോണ്ട് പറഞ്ഞു കൊടുക്കും.... അപ്പം അവൻ എഴുതുന്നതാണത്.... എന്നിട്ട് നടുക്കൊരു മകനുണ്ട്, അവന്റേൽ കൊടുത്തിട്ട് അതെല്ലാം അസ്സലാക്കിക്കും. അയാൾ ഇഗ്ലീഷ് ലിറ്ററേച്ചർ എം.എ ക്കാരനാണ്... അങ്ങിനത്തെ ഒന്നായത് കൊണ്ട് ഒരു പുസ്തക രചനയുടെ സ്വഭാവങ്ങളൊന്നും അതിൽ കാണുകയില്ല, എന്റെ ഒരു പ്രസംഗമാണത്.... അതിനിടെ എന്റെ തമാശയും കളിയുമെല്ലാം അതിലുണ്ട്.....

www.islamkerala.com

(ഇവിടെ വയലിത്തറ അവർകൾ സൂചിപ്പിക്കുന്നത് അവർ രചിച്ച ഒരു പുസ്ത കത്തെക്കുറിച്ചാണ്. അല്ലാതെ ഇതിനെക്കുറിച്ചാണോഎന്ന് വായനക്കാർ തെറ്റി ദ്ധരിക്കരുതെന്ന് കരുതിയാണത് പ്രത്യേകം ഉണർത്തുന്നത്.)

മദ്ഹബിന്റെ അനിവാര്യത എന്ന പേര് ഇപ്പോൾ സാർവ്വത്രികമായി..... അതു കൊണ്ട് വേറെ ഏതെങ്കിലും പേര് നിർദ്ദേശിക്കണമെന്നിങ്ങനെ ആലോചി ച്ചു..... എന്റെ ചില عالم മിങ്ങളായ സുഹൃത്തുക്കളുമായി ആലോചിച്ചു.... അ ങ്ങിനെ സെലക്ട് ചെയ്ത പേരാണ് ''ഖുർആൻ ഉള്ളപ്പോൾ പിന്നെന്തിന് മദ് ഹബ്'' അതിന് നേരെ കാണുന്ന അർത്ഥമല്ല ഉള്ളതെന്ന് ആളുകൾക്കു മനസ്സിലാവും......

ഇതിനെ സംബന്ധിച്ച് നമ്മുടെ സഹോദരങ്ങൾ അറിഞ്ഞു കൂടാഞ്ഞിട്ട് തന്നെയാണ്, അല്ലാതെ മന:പ്പൂർവ്വം ആളുകളെ ഇസ്ലാമിൽ നിന്നും കൊണ്ടു പോവാൻ വേണ്ടിയാണോ ''റസൂലുല്ലാഹ് ഏത് മദ്ഹബിൽ ആണെന്ന് ചോദിച്ചാൽ എന്താ പറയുക. അവർ തികച്ചും തെറ്റിദ്ധരിച്ച് കള്ളി അറിയാ തെ പറയുന്നതാ അല്ലാതെ മനപ്പൂർവ്വം ആണോ, അല്ല.

മദ്ഹബ് എന്ന് വച്ചാൽ ഒരു വഴി.....

റസൂലുല്ലാഹ്(സ)യിലേക്ക് ചെന്ന് ചേരുന്നതിനുള്ള വഴി എന്താ.....അല്ലാതെ റസൂലുല്ലാഹ് (സ) ഏത് മദ്ഹബാണ് പറഞ്ഞാൽ , , , റസൂലുല്ലാഹിയിലേക്ക് ചെന്ന് ചേരാനുള്ള പലരും പറഞ്ഞിട്ടുണ്ട്; നബിയിലേക്ക് ഇങ്ങിനെ പോയാൽ മതി, ഇന്ന പോലെ പോയാൽ മതി , ഇങ്ങനെ പോയാൽ മതി എന്ന്,,,,

കോഴിക്കോടെത്തി ഇന്ന കാര്യം സാധിക്കേണ്ടതാ, ഇന്നിടത്ത് എത്തേണ്ടതാ... ഒരാൾ പറഞ്ഞു: ''കൊല്ലത്ത് നിന്ന് തീവണ്ടികയറിയാൽ വളരെ സുഖമാണ്,, കിടന്നുറങ്ങാം നേരം വെളുക്കുമ്പം അവിടെ ചെല്ലും ...ബുദ്ധിമുട്ടില്ലെന്ന്''

ഒരാൾ പറഞ്ഞു: ''സൂപ്പർ ഫാസ്റ്റുണ്ട് , അതിൽ കയറി അങ്ങോട്ട് പോണംന്ന് പറഞ്ഞാൽ അവിടെ എത്താം.....''

സ്വന്തം കാറുള്ളവർക്കു സുഖം, കാറാണെന്ന് വേറൊരാൾ പറഞ്ഞു. അതിന് പോവുന്ന വഴിയും കാര്യങ്ങളുമൊക്കെ പറഞ്ഞുകൊടുത്തു...

ലക്ഷ്യം ഇയാൾക്കു കോഴിക്കോട് ഏതോ ഒരു ഓഫീസിലെത്തേണ്ടതാ....

അത് വഴിയറിയാത്തവന് അത് പറയാൻ അവകാശമില്ലല്ലോ ആ വഴിയേ പോ യി മടങ്ങിയവൻ പറയണല്ലോ.....

www.islamkerala.com

*അല്ലാതെ കോഴിക്കോട് തെക്കോ വടക്കോ എന്നു പോലും അറിയാത്തൊരുത്തൻ വഴി പറഞ്ഞു കൊടുത്താൽ,*

*അതു വഴി പോയവൻ തിരുവനന്തപുരത്തെത്തും,,, കോഴിക്കോടെത്തില്ല.... അപ്പോൾ ആവഴി പോയി മടങ്ങി വന്ന മഹാന്മാർ പലരും ആവഴി എഴുതി വച്ചിറ്റുണ്ട്... പക്ഷെ ആ വഴികളൊന്നും മുത്വവ്വൽ അല്ലാതെ , അതിനിടക്ക് കളങ്കം കൂടാതെ , മുറിവ് പറ്റാതെ വന്നത് ഈ മദ്ഹബായത് കൊണ്ടാണ്, ഈ നാലിലേതെങ്കിലൊരു മദ്ഹബ് പറയുന്നത് കേട്ടു പോയാലെ ലക്ഷ്യമായ റസൂലുല്ലാഹി (സ)യിൽ എത്തത്തുള്ളൂ എന്നാണീ പറയുന്നത്... ആ വിഷയം തന്നെ ഇത്രയുള്ളൂ... റസൂലുല്ലാഹി (സ്വ)യിലേക്ക് ചെന്ന് ചേരാനുള്ള വഴി പറയുന്നതാ ഈ മദ്ഹബ് എന്ന് പറയുന്നത്. വാസ്തവത്തിൽ ഇതറിയാൻ വയ്യാത്തത് കൊണ്ട് മാത്രമാണ് റസൂലുല്ലാഹി(സ്വ) ഏത് മദ്ഹബാണെന്ന് ചോദിക്കുന്നത്......., കള്ളി തിരിയാതെയാണ് , , , മനപ്പൂർവ്വമല്ല..............*

*അല്ലാഹു തആല ഖുർആനിൽ പറയുന്നത് തന്നെ :*

وَمَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللهُ فَأُلائِكَ هُمُ لْكَافِرُوْنْ

*‘‘അല്ലാഹു ഇറക്കിയതായ ഒന്ന് കൊണ്ട് ആര് വിധിക്കുന്നില്ലയോ അവർ തന്നെയാണ് സത്യനിഷേധികൾ’’*

*ഇനി വല്ലതും പറയാനുണ്ടോ....?? ഖുർആൻ തന്നെയാണ് നമ്മുടെ ആധാരം.....*

*ഖുർആൻ അല്ലാതെ ഒന്നും നമുക്ക് സ്വീകാര്യമല്ല....... ഖുർആൻ അനുസരിച്ച് തന്നെയാണ് നമ്മൾ പോവേണ്ടത്...ആർക്കും പക്ഷാന്തരമില്ല.......*

*പക്ഷെ ഒരു കാര്യം തിരിച്ചുണ്ട്,,,,,*

*ഖുർആൻ അനുസരിക്കണം , ഖുർആൻ അനുസരിക്കണം എന്നു നാം പറയോലോ.. അതു ശരിയുമാ.....*

*പക്ഷെ ഖുർആൻ എത്ര ശതമാനം നമ്മൾ അംഗീകരിക്കുമ്പോഴാണ്, ഖുർആൻ അംഗീകരിച്ചവനായിത്തീരുക.... മുഅ്മിനീങ്ങളാവുക, , , !!*

*ഈ ഒരു തീരുമാനത്തിന്ന് ശേഷമേ നമ്മൾ സംസാരിച്ചിട്ട് കാര്യമൊള്ളൂ നമ്മൾ* qualified *ആവുന്നതിന് പരീക്ഷ നടക്കുമ്പം പരീക്ഷ പേപ്പർ നോക്കി യാൽ നൂറ്റിക്ക് 35% മാർക്കുണ്ടെങ്കിൽ* qualified *ആണ് , , വിജയിച്ച് എന്ന സർട്ടിഫിക്കറ്റ് കിട്ടും... ഇത് പോലെ ഖുർആൻ അംഗീകരിച്ചവർ , അതായത് മുഅ്മിനീങ്ങൾ മുസ്ലിമീങ്ങൾ , അവർ ഖുർആനിൽ എത്ര ശതമാനം അംഗീ*

www.islamkerala.com

കരിക്കുമ്പോഴാണ് അവർക്ക് മുഅ്മിനീങ്ങൾ എന്ന സ്ഥാനം കിട്ടുക....? അത് തീരുമാനിച്ചിട്ട് വേണം ചർച്ച തുടങ്ങാൻ...... പരിശുദ്ധ ഖുർആനിനെ അംഗീ കരിച്ചവനാവണമെങ്കിൽ,,,, അനുസരിക്കലും , അംഗീകരിക്കലും രണ്ടാ.... അനുസരിക്കുന്നവന്ന്, അവൻ അവന്റെ അവസ്ഥയനുസരിച്ചൊക്കെ, കുറെ യൊക്കെ അനുസരിച്ചും കുറെയൊക്കെ അനുസരിക്കാതെയും പോവും.... അനുസരിക്കാതിരുന്നാൽ തട്ട് കിട്ടുമന്നെല്ലാതെ അംഗത്വം പോവുകയില്ല. ഇസ്ലാമിൽനിന്നുള്ള അംഗത്വം പോവുന്നത് അതംഗീകരിക്കാതെ വരുമ്പോ ഴാണ്.... അപ്പം എത്ര ശതമാനം അംഗീകരിച്ചാലാണ് ഇസ്ലാം ആവാൻ കഴി യുക.......

(നിങ്ങൾ സദസ്സിൽ നിന്നും ആരെങ്കിലും ഒരാൾ പറയണം,,,,,

100% എന്ന ഉത്തരം കിട്ടിയപ്പോൾ അത് ശരിവച്ചു.)

അപ്പോൾ പരിശുദ്ധ ഖുർആൻ 100% അംഗീകരിച്ചവനെ, മുസ്ലിമെന്നും മുഅ്മി നെന്നും പറയേണ്ടത്. 99.9,9,9,9 ബാക്കി ഒരൊറ്റ point ഞാൻ അംഗീകരി ക്കത്തില്ലെന്നു പറഞ്ഞാൽ,,, അവൻ കാഫിറും മുർതദ്ദുമാണ്!!! ഈ വിഷയം സമ്മതിച്ചു കഴിഞ്ഞാൽ പിന്നത്തെ എല്ലാ കാര്യവും എളുപ്പമായി...... ഖുർആ നിൽ നിന്നും പല്ലിന് പതമുള്ളതും, മറ്റുള്ളവരെ എടങ്ങേറാക്കാൻ നമുക്ക് പറ്റു ന്നതു സ്വീകരിക്കുകയും ബാക്കിയുള്ളതെല്ലാം ശ്രദ്ധിക്കാതിരുന്ന പരിപാടി യാണെങ്കിൽ നമ്മൾ ചർച്ചക്കില്ല...

ഖുർആൻ 100% വും അംഗീകരിക്കാത്തവൻ മുഅ്മിനല്ല, മറിച്ച് അവൻ കാ ഫിറും മുർതദ്ദുമാണെന്ന് നിങ്ങൾ ഏകകണ്ഠമായിപ്പം സമ്മതിച്ചു കഴിഞ്ഞു..... ഞാനല്ല വിധിച്ചത് നിങ്ങളാ......

വൈലിത്തറ ആരെയും ഖാഫിറാണെന്ന് പറഞ്ഞെന്ന് നാളെ പറയരുത് എല്ലാ വിഭാഗത്തിൽ പെട്ട ആളുകളും എന്റെ പ്രസംഗം ശ്രദ്ധിക്കണം..... ഇതൊരു തർക്കിതവിതർക്കങ്ങളോ വഴക്കോ ഒന്നും അല്ലേ അല്ല.....

കാര്യം വളരെ ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്.... പരിശുദ്ധ ഖുർആൻ 100% വും അംഗീകരിക്കണോ വേണ്ടയോ എന്ന് സദസ്സിനോട് ചോദിച്ചപ്പം എത്ര ശതമാനം അംഗീകരിച്ചാലാണ് അവൻ മുസ്ലിമാവുക എന്ന ചോദ്യത്തിന് 100% എന്ന് ഏകകണ്ഠമായിപ്പറയുകയാണ്......... അതിൽ 99% വും അഗീകരിച്ചു,,, ഒരു ശതമാനം, അതായത് ഇന്ന കാര്യം അഗീകരിക്കുകയില്ല എന്ന് പറഞ്ഞാ ൽ അവൻ കാഫിറാണ്. പിന്നെ അവന്റെ കാര്യം പറാഞ്ഞാൽ അംഗത്വവും ഇല്ല,, നാമുമായി ചർച്ചയുമില്ല........

www.islamkerala.com

100% വും ഖുർആൻ അംഗീകരിക്കും എന്ന് സമ്മതിച്ചാൽ പിന്നെ എല്ലാം നമ്മൾ സമ്മതിക്കേണ്ടിവരും.... ഖുർആനിലുള്ള എല്ലാം...... അപ്പം ഈ കരാർ ഈ conditionനോടു കൂടിയാണ് ഞാൻ സംസാരിക്കാൻ പോകുന്നത്..... ഖുർആൻ 100 ശതമാനവും അംഗീകരിക്കാത്തവൻ മുസ്ലിമല്ല........ അത് നിങ്ങൾ ഫത്‌വ ചെയ്തതാണ് ഞാനല്ല...... ഇത് നിങ്ങൾ മനസ്സിൽ നെട്ടും ബോൾട്ടുമിട്ടുറപ്പിക്കുക....... ഇതെല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്...... ഖുർആൻ അംഗീകരിക്കണമെന്ന് എല്ലാവരും പറയും പറഞ്ഞത് സൗകര്യം പോലെ, അത് സമ്മതിക്കുകയില്ല. 100% അംഗീകരിക്കണം.......ഈ condition നോട് കൂടി നമുക്ക് ചർച്ച തുടങ്ങാം....... സഹോദരങ്ങളേ വളരെവിശാലമായി സംസാരിക്കേണ്ട ഒരു വിഷയമാണിത്..!

ഇസ്ലാം എന്നു പറയുന്നത് ഒന്നാണ്, ആദം നബി(അ)യും മുഹമ്മദ് നബി (അ) യും ഇതിനടക്കുള്ള ലക്ഷത്തിൽ പരം അമ്പിയാക്കളും ഉപദേശിക്കുന്നത് ഇസ്ലാം ദീൻ മാത്രമാണ്........ ഇത് നമ്മൾ ഓർക്കണം...... അല്ലാവിന്റേതായ ഒരു പ്രത്യയ ശാസ്ത്രമാണ് ഇസ്ലാം..........

ഇസ്ലാം എന്ന് പറഞ്ഞാൽ അല്ലാഹു ഏകിയതെടുക്കുകയും വിലങ്ങിയത് ഉപേക്ഷിക്കുകയും ചെയ്യുക എന്നാണ്........ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ അല്ലാഹു തആല ഇസ്ലാമിന്റെയും അടിത്തറയിട്ടു......

മനുഷ്യൻ ഏത് മാർഗ്ഗത്തിൽ കൂടി ചലിക്കണം എന്ന് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള, അല്ലാഹുവിന്റെ വിധി വിലക്കുകൾക്കു വിധേയനായി ജീവിക്കുന്നതിനുള്ള ഇസ്ലാം മതം എന്നു പറയുന്നത് ഒരടിസ്ഥാന തത്വത്തിൽ ആദം നബി (അ) യുടെ കാലത്ത് അല്ലാഹു സ്ഥാപിച്ചു പോയി.......

അതാണ് ആദം നബിക്കും മുഹമ്മദ് നബിക്കും ഇടക്കുള്ള അമ്പിയാക്കൾക്കെല്ലാം തന്നെ അടിസ്ഥാനം ഒന്നാണ്. അതാണ് പുന്നാര നബി (സ.അ) പറഞ്ഞത് “ أفضل ما قلت أنا والنبيوون من قبل لاالاه الاالله ” ഞാനും എനിക്ക് മുമ്പ് കഴിഞ്ഞ് പോയ എല്ലാ പ്രവാചകന്മാരും പറഞ്ഞു പോയതിൽ ഉത്തമമായ വാക്ക് ലാ ഇലാഹ ഇല്ലല്ലാഹ്......(ആരാധനക്കർഹതയുള്ളവൻ ﷲ അല്ലാതെ മറ്റാരും ഇല്ല) ഈ അടിസ്ഥാന തത്വത്തിലാണ് ഇസ്ലാം മതം സ്ഥാപിതമായത്.... അങ്ങിനെ മനുഷ്യ സമുദായത്തിന്റെ നന്മക്കു വേണ്ടി, അവർ ഏത് മാർഗ്ഗത്തിൽ കൂടി ചലിച്ചാണ് അല്ലാഹുവിന്റെ ശാശ്വതമായ സ്വർഗ്ഗത്തിനവകാശികളായിത്തീരുന്നത്,, അതിനെ സംബന്ധിച്ച് ജനങ്ങൾക്കു മനസ്സിലാക്കികൊടുക്കുന്നതിനുള്ള മതം ആദം നബിയുടെ കാലത്തു തന്നെ സ്ഥാപിച്ചു പോയി....

www.islamkerala.com

*മനുഷ്യന്റെ ചിന്തയും ബുദ്ധിയും അനുസരണാ സ്വഭാവവും വളരുന്നതിന് അനുസരിച്ച് അവരുടെ സന്മാർഗ്ഗദർശനത്തിനായി അല്ലാഹു സ്ഥാപിച്ച മതത്തെയും വളർത്തി കൊണ്ടുവന്നു....*

*ഒരു കുട്ടി ജനിച്ചു അതിന്റെ ശൈശവം ബാല്യം യൗവ്വനം വാർദ്ധക്യം ഈ ഓരോ ഘട്ടത്തിൽ ആ കുട്ടിയോട് ഉപദേശിക്കുന്ന ഉപദേശങ്ങളും അനുസരിച്ച് നടക്കാൻ വേണ്ടി ചെയ്യുന്ന ഏർപ്പാടും അവന്റെ മനസ്സിന്റെ പ്രായം എവിടെ എത്തി അതിനനുസരിച്ചാണ്....*

*ഒരു കുട്ടി ശിശുവായിരിക്കുമ്പോൾ അതിനോട് വല്ല നിർദ്ദേശവുമുണ്ടോ....?*

*അതൽപം വളർന്ന് കഴിഞ്ഞ് ഇഴയാനും നടക്കാനും തുടങ്ങിയാൽ അവനോടുള്ള നിയമം മാറി വരുന്നു.... കിടക്കയിലും തൊട്ടിലിലുമൊക്കെ മൂത്രിക്കുകയും കാഷ്ഠിക്കുകയും ചെയ്യാനനുവദിക്കുന്ന കുട്ടിയെ, കഷ്ടിച്ച് ഒന്നിഴയാനോ, നീങ്ങാനോ പ്രായമായിക്കഴിഞ്ഞാൽ നമ്മൾ കട്ടിലിലോ തൊട്ടിലിലോ ഒന്നും കാഷ്ഠിക്കാനോ മൂത്രിക്കാനോ സമ്മതിക്കുകയില്ല.....*

*അതിനെ ഉമ്മയെടുത്ത് കാലിലിരുത്തി മലമൂത്ര വിസർജ്ജനം ചെയ്യിക്കും. അന്ന് നിയമത്തിൽ അൽപം വളർച്ച വന്നു... ആ കുട്ടി മൂന്നോ നാലോ വയസ്സായാലോ അവനോട് പറയും : മുറ്റത്തേക്ക് ഇറങ്ങി മലമൂത്ര വിസർജ്ജനം ചെയ്യാൻ... അപ്പോൾ നാല് വയസ്സുള്ള ഒരു കുട്ടി മുറ്റത്ത് മലമൂത്രവിസർജ്ജനം ചെയ്യാൻ ശീലിച്ചു .....*

*ആ കുട്ടിക്ക് ഒരു പത്ത് വയസ്സായാൽ മുറ്റത്ത് മലമൂത്രവിസർജ്ജനം ചെയ്യാൻ നമ്മൾ സമ്മതിക്കുമോ.... അങ്ങിനെ പോയി പ്പോയി പാകതയും പക്വതയുമുള്ള ഒരാൾ എവിടെ മലമൂത്ര വിസർജ്ജനം ചെയ്യണമെന്ന് നിയമമുണ്ട്.......*

*അവിടെ ചെയ്യേണ്ട പ്രായം അവനെത്തിക്കഴിഞ്ഞാൽ അങ്ങിനെ ചെയ്യണം .....*

*അങ്ങിനെ മറച്ചോ വിജന പ്രദേശത്തോ പോയി മലമൂത്ര വിസർജ്ജനം ചെയ്യേണ്ട ഒരവസ്ഥയിൽ ഇവൻ വന്നു കഴിഞ്ഞാൽ പിന്നെ അവൻ മരിക്കുന്നത് വരെ ആ നിലപാട് തുടരുകയും വേണം... ഇതാണു നിയമം.....*

*ഇതേ പോലെ ഒരു കുഞ്ഞിനെ പ്രസവിച്ചു കഴിഞ്ഞാൽ അവനുവസ്ത്രമൊന്നുമില്ല. കുറച്ചങ്ങോട്ട് കഴിഞ്ഞാൽ ഉമ്മ പുറകിൽ കെട്ടുണ്ടാക്കിയിട്ടുകൊടുക്കുന്നു...... കുറച്ചു കൂടികഴിഞ്ഞാൽ ഉമ്മ ഒരു ഷഡ്ഢിയുണ്ടാക്കിയിട്ടു കൊടുക്കുന്നു.... പിന്നെ കുറച്ചങ്ങോട്ട് കഴിഞ്ഞാൽ ഹാഫ് നിക്കറിട്ടുകൊടുക്കുന്നു......*

www.islamkerala.com

അങ്ങിനെ മേൽപാട്ട് പൊയിപ്പോയി അഞ്ചോ ആറോ വയസ്സൊക്കെ ആവു മ്പം വലിയ വസ്ത്രങ്ങളൊക്കെ കൊടുക്കുന്നു....

അങ്ങിനെ ആ വസ്ത്രധാരണ വളർന്ന് വളർന്ന് വന്ന് അവൻ നിർബന്ധമാ യും മറക്കണം എന്ന നിയമം അവനിൽ വന്നു കഴിഞ്ഞാൽ പിന്നെ മരണം വരെ നിയമത്തിൽ വേറെ മാറ്റമൊന്നുമില്ല...... വസ്ത്രം ധരിക്കുക തന്നെ...... അവന് ഭ്രാന്തോ ബോധക്കേടോ ഒന്നും വന്നില്ലെങ്കിൽ..!!

ഇങ്ങിനെ മനുഷ്യന്റെ നിയമങ്ങൾ, ഒരു മനുഷ്യൻ പ്രായപൂർത്തി എത്തി പാകത പക്വത വരുന്ന കാലം വരെ ഓരോ നിയമം അവൻ വളർന്ന് വളർന്ന് വരിക അവന്റെ മനസ്സിന്റെ പ്രായം അനുസരിച്ചാണ്.......

അങ്ങിനെ പ്രായപൂർത്തി എത്തി പാകതയും പക്വതയും വരുന്ന കാലത്ത് അവനോട് ഉപദേശിക്കുന്ന കാര്യങ്ങൾ ചെയ്തുകൊണ്ട് മരണം വരെ അവൻ തുടരുന്നു....

ഇതേസ്വഭാവത്തിൽ തന്നെയാണ് മനുഷ്യസമുദായം ആകുന്ന പുരുഷൻ, മനു ഷ്യ സമുദായത്തിൽ പെട്ട ഒരു പുരുഷനോട് ഉദാഹരിക്കുക.

അതിലും കേവലം പ്രാകർതികമായ ഒരു ശൈശവത്തിൽ നിന്നും വളർന്നാ ണത് പൂർണ്ണയിലെത്തുക.....

ആ മനുഷ്യസമുദായം ശിശുവായിരിക്കുന്ന കാലത്ത് ചിലചില ഉപദേശങ്ങളാ ണ് തിരഞ്ഞടുക്കപ്പെട്ട പ്രവാചകന്മാരെ കൊണ്ട് അല്ലാഹുകൊടുപ്പിച്ചത്...........

അടിസ്ഥാന തത്വം ഇതൊന്നുമല്ല നേരത്തെ പറഞ്ഞല്ലോ......

ആ സമുദായം വളരുന്നതിനനുസരിച്ച് അല്ലാഹു

അവൻ സ്ഥാപിച്ച നിയമത്തേയും വളർത്തി വളർത്തി കൊണ്ടുവരുന്നു......

അങ്ങിനെ വളർന്നു കൊണ്ടേയിരിക്കുന്ന സമുദായത്തിന്, അല്ലാഹു വളർത്തി കൊണ്ടേയിരിക്കുന്ന നിയമത്തെ ആ മനുഷ്യ സമുദായം പരിപൂർണ്ണതയിൽ എത്തിയപ്പോൾ, പാകതയും, പക്വതയിലും സ്വീകരണ സന്നദ്ധതയിലും.....

(ഇവിടെയൊക്കെ ഓരോ ദിവസത്തെ പ്രസംഗം വേണം..................................

എന്നല്ല മനുഷ്യൻ അങ്ങേയറ്റം എത്തിയത് അതിന്നാണ് എന്നൊരുത്തൻ പറഞ്ഞാൽ അതിന് മറുപടി ഞാൻ പറയണം....)

www.islamkerala.com

*...........അതിന്റെ പാരമ്യതയിലും എത്തിയപ്പോൾ അല്ലാഹു മനുഷ്യരുടെ സന്മാർഗ്ഗ ദർശനം സ്ഥാപിച്ച മതത്തെയും പാരമ്യതയിലെത്തിച്ചു....*

*അങ്ങിനെ പൂർണ്ണമായ മനുഷ്യ സമുദായത്തിന്ന് പൂർണ്ണനായ നബിയെക്കൊണ്ട് പൂർണ്ണമായ അല്ലാഹുവിന്റെ ദീനിനെ ഉപദേശിപ്പിച്ചു.....*

*നേരത്തെ പറഞ്ഞു : ഒരു മനുഷ്യൻ പ്രായ പൂർത്തി എത്തി പാകത , പക്വത വരുന്ന കാലത്ത് കിട്ടുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും മരണം വരെ അനുസരിക്കണം എന്ന്.......*

*എന്നത് പോലെ മനുഷ്യ സമുദായം പരിപൂർണ്ണതയിലെത്തിയപ്പോൾ ഉപദേശിച്ച ഖുർആൻ അത് മനുഷ്യ സമുദായം ഉള്ളിടത്തോളം കാലം ആ നിയമ പ്രകാരം ആണ് ജീവിക്കേണ്ടത്.... അതിൽ പിന്നെ മാറ്റമില്ല ...അത് ഉപദേശിക്കാൻ വന്ന പ്രവാചകൻ അന്ത്യപ്രവാകചകനു തന്നെ... ആ മതം അന്ത്യമായ മതവും തന്നെ.....*

*അപ്പോൾ അല്ലാഹു (സു.ത) യുടെ ഒരു പ്രത്യയശാസ്ത്രം അത് ആരംഭിച്ചു അതിന്റെ പരിപൂർണ്ണതയിൽ എത്തിയ ഘട്ടം അതാണ് ഖുർആൻ.....*

*അതൊരാൾക്ക് ഇറക്കിക്കൊടുക്കുകയാണ്... അതാരിലാണ് ഇറക്കിയതെന്ന് മനസ്സിലാക്കണം...*

*അല്ലാഹു പറയുന്നത് എന്താണ് :*

تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ عَلَى عَبْدِهِ لِيَكُونَ لِلْعَالَمِينَ نَذِيرًا

تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ *ഫുർഖാനിനെ ഇറക്കിയവൻ പരിശുദ്ധനാണ്. എവിടെയൊ ഇറക്കിയത്* عَلَى عَبْدِهِ *അവന്റെ ദാസന്റെ മേൽ* لِيَكُونَ لِلْعَالَمِينَ نَذِيرًا *മനുഷ്യ സമൂഹത്തിന് പ്രയോജനപ്പെടാൻ വേണ്ടി... ഇറക്കിയ സ്ഥലം അവന്റെ* عبد *ന്റെ മേലാണ്... വേറെ എവിടെയും അതിറക്കിയിട്ടില്ല...*

*മനസ്സിലായല്ലോ അവന്റെ* عبد *ന്റെ മേലാണ് അതിറക്കിയത്............*

الْحَمْدُ لِلَّهِ الَّذِي أَنزَلَ عَلَى عَبْدِهِ الْكِتَابَ *അവന്റെ* عبد *ന്റെമേൽ* كتاب *നെ ഇറക്കിയവനെ വിശ്വസിക്കുക... ഇങ്ങിനെ എവിടെ നോക്കിയാലും അവന്റെ* عبد *ന്റെ മേലിറക്കി* عبد *മേലിറക്കി എന്നു പറയുന്നു....*

www.islamkerala.com

ഇനിയിപ്പം ഒരാൾ തർക്കിക്കാണ്.... ഈ عبد ന്റെ മേലിറക്കി എന്നു പറഞ്ഞത്, ജിബ്‌രീൽ (അ) മേലാണന്നൊരുത്തരും പറഞ്ഞാൽ എന്ത് ചെയ്യും...? അതും عبد തന്നെയല്ലേ. അല്ലാഹു തആല സൂക്ഷിച്ചു....

അല്ലാഹു പറയുന്നു :

وَٱلَّذِينَ آمَنُوا۟ وَعَمِلُوا۟ ٱلصَّالِحَاتِ وَآمَنُوا۟ بِمَا نُزِّلَ عَلَىٰ مُحَمَّدٍ وَهُوَ ٱلْحَقُّ مِن رَّبِّهِمْ

മുഹമ്മദ് (സ)ന്റെമേൽ ഇറക്കപ്പെട്ട, وَهُوَ ٱلْحَقُّ مِن رَّبِّهِمْ അവന്റെ റബ്ബിന്റെ ഭാഗത്തു നിന്നുള്ള ഹഖായ ദീനായ നിലയിൽ......

ഇനി തർക്കമില്ലല്ലോ...? عبد , عبد ആരാണെന്നു പറഞ്ഞ് എന്റെടുത്ത് വരില്ല ല്ലോ.....?

അപ്പോൾ محمد(ص) ന്റെ മേലാണ് അല്ലാഹു തആല ഖുർആൻ ഇറക്കിയിരി ക്കുന്നത് ഇനി ആരും തർക്കിക്കരുത്..... പക്ഷെ محمد(ص) യുടെ മേലിൽ ഖുർ ആൻ ഇറക്കി പറയാൻ വലിയ ഒരു പ്രസംഗം ഞാൻ ചെയ്യും , ശ്രദ്ധിച്ചാൽ.... (എടാ കൊച്ചുങ്ങളേ ഞാനിതൊരു ദിവസം കൊണ്ടിതെങ്ങിനെയാ പറയുക, എന്റെ മഹല്ലിൽ രാവിലെ പത്തുമണിക്ക് പ്രസംഗം തുടങ്ങി . അതിൽ പങ്കെടു ത്തവരൊരുവിധം കാണും ഇവിടെ. അപ്പോൾ ഒരാൾ 30 കി.മീ. ദൂരമുള്ള ആലപ്പുഴക്ക് ബസ്സിൽ പോയി . അയാൾ purchase എല്ലാം കഴിഞ്ഞ് രണ്ട് മൂന്ന് മണിക്ക് തിരിച്ച് വരുമ്പം ഞാൻ പ്രസംഗിച്ചു നിൽക്കുകയാണ്..... അന്നെല്ലാം കൂടെ പ്ധാകി എന്നെ വഴിപ്പോക്കാക്കി.... അതിന്റെ ശേഷം പിന്നെ തിരുവനന്തപുരത്ത് പോയി ചികിത്സ എല്ലാം നടത്തി. അതാ വിഷയം....!!

ഉസ്താതേ , ഒരു ദിവസം കൊണ്ടിതല്ലാം പറഞ്ഞ് തരണം എന്നാണിവർ പറ യുന്നത്..... അങ്ങിനെ പറയാൻ പറ്റുന്ന കാര്യമല്ലിത്.......

ഇതു വളരെ ലളിതവും വളരെ സമാധാനവും തമാശയും എല്ലാ കൂട്ടിച്ചേരുന്ന വലിയ കാര്യമാണ് നമ്മൾ പറയാൻ പോകുന്നത്....

(ശ്രദ്ധിക്കണം...................)

ഇറങ്ങിയ സ്ഥലം കിട്ടി.........

www.islamkerala.com

ഇതെന്താ ഇറക്കിയിരിക്കുന്നത്....? അല്ലാഹുവിന്റെ കലാം. അല്ലാഹുവിന്റെ കലാമോ...? അതൊരു മനുഷ്യന്റെ മേൽ കൊണ്ടിറക്കാൻ മാത്രം ചെറുതാണോ....? ഇറക്കിയ മനുഷ്യനെ ഇവിടെ കാണാൻ പറ്റുമോ ?!!

അല്ലാഹു സകല സൃഷ്ടികളോടും സകല കാര്യത്തിലും വ്യത്യസ്തനാണ്.... مخالفة للحوادث എന്ന സ്വിഫത്ത് അല്ലാഹുവിനുള്ളതാണ്.. അപ്പം സർവ്വ സൃഷ്ടികളോടും സകല കാര്യത്തിലും വ്യത്യസ്തനാണെന്ന് വരുമ്പോൾ അല്ലാഹുവിന്റെ صفاة കൾക്കെല്ലാം തന്നെ വ്യത്യാസം ഉണ്ട്... സകല സൃഷ്ടികളോടും സകല കാര്യത്തിലും വ്യത്യസ്തനായിരിക്കണം.... അപ്പം അല്ലാഹുവിന്റെ കലാം എന്ന സ്വിഫത്ത് അവന്റെ സ്വിഫാത്തുകളിൽ വെച്ചൊരു പ്രത്യേക സ്വിഫത്താണ്...

അതും സർവ്വ കലാമിൽ നിന്നും വ്യത്യസ്തമായിരിക്കണം...?

അതിന്റെ كل മഖ്ലൂകാത്തിന് അറിയാൻ ഒക്കുകയില്ല .....എന്നു വെച്ചാൽ അതിന്റെ മുഴുവനും.....,

റസൂലുല്ലാക്കും അറിയാൻ ഒക്കത്തില്ല.... ആരാ പറഞ്ഞത് അറിയാം എന്ന്....? അതറിയേണ്ട ആവശ്യം ഇല്ലല്ലോ... അല്ലാഹുവിന്റെ കലാം അല്ലേ.......

അതനന്തമല്ലെ........?

റസൂലില്ലാഹി (സ.അ) തന്നെയല്ലെ പറയുന്നത് : الم

الله اعلم بمراده അത് അല്ലാഹുവിനറിയാം......

ഖുർആനിനെ സംബന്ധിച്ചിടത്തോളം അതനന്തമാണ്.......

സൂറത്തുൽ കഹ്ഫിൽ അവസാനം പറയുന്നു :

قُل لَّوْ كَانَ ٱلْبَحْرُ مِدَاداً لِّكَلِمَاتِ رَبِّى لَنَفِدَ ٱلْبَحْرُ قَبْلَ أَن تَنفَدَ كَلِمَاتُ رَبِّى وَلَوْ جِئْنَا بِمِثْلِهِ مَدَداً

ഇപ്പോഴുള്ള ഈ സമുദ്രം മുഴുവൻ മഷിയായി മാറിക്കൊണ്ട് ഖുർആനിന്റെ ഉള്ളടക്കം കുറിച്ചാൽ, വേറെയും ബഹ്റ് വന്നാലും لَنَفِدَ ٱلْبَحْرُ قَبْلَ أَن تَنفَدَ كَلِمَاتُ رَبِّى എന്റെ റബ്ബിന്റെ كلمة ന്റെ ഉള്ളടക്കം തീരുന്നതിന് മുമ്പ് കടലിലെ മഷി തീർന്നു പോവും......

www.islamkerala.com

ഇത് ഖുർആൻ അല്ലേ...? ഹേയ്!! അതു വേറുതെ അലങ്കാരം പറയാണെന്നു പറഞ്ഞാൽ അവൻ കാഫിറും മുർതദ്ദും കള്ളനുമാണ് .. അവന്റെ വർത്താനേ ഇവിടെ വേണ്ട... അതു നമ്മൾ നേരത്തേ കണ്ടീഷനിലാ....

അപ്പോൾ അതിയോക്തി ആയിട്ട് ഏറ്റിപ്പറയുകയോ ചുരുക്കിപ്പറയുകയോ ചെയ്യുന്ന പണി ﷲ ക്കില്ല....

തീർന്നില്ല, അല്ലാഹു വീണ്ടും പറയുന്നു :

وَلَوْ أَنَّمَا فِى ٱلْأَرْضِ مِن شَجَرَةٍ أَقْلَٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَٰتُ ٱللَّهِ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ

ഈ ഭൂമിയിലുള്ള സകല മരങ്ങളും കലാമായിത്തീർന്നു. ഇപ്പോഴുള്ള സമുദ്ര ങ്ങളെല്ലാം മഷിയായി, അതിനു പുറമെ ഏഴ് ബഹറും കൂടി ഇവനെ സഹായി ക്കാനും വന്നു . എന്നാൽ مَّا نَفِدَتْ كَلِمَٰتُ ٱللَّهِ അല്ലാഹുവിന്റെ كلمة വറ്റുകയില്ല.....

2800 ചില്ലാനും സ്ഥലത്ത് അല്ലാഹു എന്ന പദം തന്നെ ഖുർആനിലുണ്ട് ജലാല ത്തിന്റെ ഇസ്മ്......

അല്ലാഹിനെ വർണ്ണിക്കാൻ ആദം (അ) സന്താനങ്ങൾ മുഴുവനും ഖിയാമത്ത് നാൾ വരെ വർണ്ണിച്ചാലും അല്ലാഹുവിനെ വർണ്ണിക്കാനൊക്കുമോ...? അല്ലാ ഹുവിന്റെ ഹഖീഖത്ത് എന്താണെന്ന്.....

അല്ലാഹുവിന്റെ قدرة, عظمة, جلالة ഹയ്ബത്തിനെ സംബന്ധിച്ച് മനുഷ്യൻ , മലക്കും ജിന്നും ഇൻസും കൂടി ഇരുന്നാൽ അല്ലാഹുവിന്റെ വിവരങ്ങൾ വിവരിച്ച് തീർക്കാനൊക്കുമോ....? അതിന് രണ്ടായിരത്തിൽ പരം സ്ഥലത്ത് അല്ലാഹു എന്ന പദം ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്....... അപ്പോൾ **بِسْمِ اللّٰهِ** എന്നു പറയുന്നിടത്ത് തന്നെ ﷲ كلمات نفذت ما സമുദ്രം വറ്റിപ്പോവും....... അല്ലാനെ പറ്റി പറഞ്ഞു തീരണ്ടെ ....പിന്നല്ലെ....!!

ദൈവിക തത്വങ്ങൾ , മാനസിക കാര്യങ്ങൾ ,സൽഗുണങ്ങൾ, സദാചാര നിയമങ്ങൾ , അനുഷ്ഠാന കർമ്മങ്ങൾ , ലൗകികാചാരകേമങ്ങൾ നീതിന്യായ നിബന്ധനകൾ , ഭരണ തന്ത്രങ്ങൾ , ശിക്ഷകൾ പല പ്രവാചകന്മാരുടെയും , ആദ് സമൂദ് പോലെയുള്ള പല പുരാതന ജനസമുദായങ്ങളുടേയും മറ്റോരോ സംഭവങ്ങളുടേയും ചരിത്ര കഥകൾ പ്രകൃതി തത്വങ്ങൾ , നക്ഷത്ര മേഘ വർഷാതി ഇതര ലോക വസ്തുക്കളുടേയും . സ്വർഗ്ഗ നരകങ്ങളുടേയും സംബന്ധിച്ചുള്ള വിവരങ്ങൾ...... എന്നു വേണ്ട മനുഷ്യരുടെ ലൗകികവും

www.islamkerala.com

*ആത്മീയവുമായ സമാധാന ക്ഷേമാൽകൃഷ്ടയക്കും , ജ്ഞാനാദിവൃദ്ധിക്കും ആവശ്യങ്ങളായ സകല കാര്യങ്ങളും.!!!! ഇപ്പുറത്തിട്ടേക്കോ.........നേരത്തേ പറഞ്ഞു അല്ലാന്റെ അടുത്ത് വച്ചു തന്നെ തീർന്നു....നമ്മൾ തോറ്റു!!!!!! പിന്നെ ബാക്കിയൊക്കെ അധികമാ.........*

*അപ്പോൾ അല്ലാഹുതആലയുടെ പറയുമ്പം,അല്ലാഹുവിന്റെ കലാമിനെക്കുറിച്ച് പറയുമ്പോൾ അത് ഖുർആനാവുമ്പോൾ അതനന്തമാ.....*

*അങ്ങിനത്തെ ഏഴു സമുദ്രം കൂടിച്ചേർന്നാൽ തീരത്തില്ലെന്നു പറഞ്ഞതാ ഈ സാധനം....!!*

*അതൊരു സാധാരണ മനുഷ്യന്റെ മനസ്സിലേക്കങ്ങോട്ടിറക്കിക്കൊടുത്തെന്നു പറഞ്ഞാൽ, പോയി പണിനോക്കടാ കാക്കാ,,, അത് നടക്കത്തില്ല.........അത്* Humanly impossible *അത് മനുഷ്യനെ സംബന്ധിച്ചടത്തോളം സാധ്യമല്ല........*

*അത് നിങ്ങൾ മനസ്സിലാക്കണം........*

*അല്ലാഹുവിന്റെ പ്രത്യയശാസ്ത്രത്തിന്റെ പൂർണ്ണ രൂപം ഇറക്കിക്കൊടുക്കാനുള്ള ഹൃദയത്തിന്റെ ഉടമക്കാരന്റെ* نور *എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുന്നതിനു മുമ്പ് തന്നെ അല്ലാഹു തആല സൃഷ്ടിച്ചങ്ങു മാറ്റി വെച്ചു....... അവിടുന്നു തന്നെ അല്ലാഹു സുബ്ഹാനഹുവതആല പ്ലാനിട്ടതു, കൊണ്ട് വന്നു,,,,,, കൊണ്ടുവന്നു,,,,,,കൊണ്ടുവന്നു, അന്നുമുതൽ (അഷ്റഫുൽഖൽക്ക്)ന്റെ കാലം വരെയുള്ളാ മുഴുവൻ അമ്പിയാക്കളുടെയും ആത്മിക ചൈതന്യം അവ ർ അല്ലാഹുവിന്റെ* اشرف الخلق

(وكل آي اتى رسل الكرام بها = فانماالتصلت من نوره بهم)

*ലോകത്ത് മുഴുവനും സദുപദേശം ചെയ്തിട്ടുള്ളത് നബിയുടെ (നൂർ) അംശവും കൂടി കലർന്നിട്ടാണ്........അങ്ങിനെ ചുരുക്കി പറഞ്ഞാൽ, ഇതെത്ര കാലം പറയേണ്ട വിഷയമാണ്...!!!!!*

*അങ്ങിനെ അല്ലാഹു തആല നിശ്ചയിച്ച സമയമായപ്പോൾ ആമിനായിൽ (റ) നിന്നും മനുഷ്യരൂപത്തിൽ അബ്ദുല്ലായിൽ(റ) നിന്നുമായി ജനിച്ചു....*

*ജനിച്ചു കൊണ്ടിങ്ങിനെ വളർന്നു വരികയാ.....ചെറുപ്പത്തിൽ തന്നെ അതിന്റെ സ്വഭാവം മാറ്റുവാ......മറ്റുള്ള കുട്ടികളെ പോലെയല്ല... അതിനൊരു പ്രത്യേകതയൊക്കെയുണ്ട്.....*

www.islamkerala.com

കഅ്ബം പുതുക്കിപണിയുന്ന അവസരം ......

അന്ന് കഅ്ബക്കാർക്ക് ഒരു തെറ്റിദ്ധാരണ, ഒരു വിശ്വാസം ഉണ്ടായിരുന്നു നഗ്നരായിട്ട്... പണിയണമെന്നാ.... കഅ്ബത്തിനുള്ള കല്ല് പറക്കലും മറ്റും... ഖുറൈശികൾ ഒന്ന് പുതുക്കിപ്പണിതുട്ടുണ്ടല്ലോ...കഅ്ബം.

അവരുടെയൊരു വിശ്വാസമാ നഗ്നരാവണം, എല്ലാവരും... നൂലുബന്ധംപോലുമില്ലാതെ വ്യൂമർ മനുഷ്യൻ.....

അബൂതാലിബ് ഉൾപ്പെടുന്ന എല്ലാവരും ഉണ്ട്..... നബിയെ വളർത്തുന്ന മൂത്താപ്പ...... നബി (സ) മാത്രം ഒരു ശണ്ഡി ഇട്ടൊണ്ടാ വന്നത്. (ശണ്ഡി എന്നു ഞാൻ പറയുന്നു) നബി (സ) ഔറത്ത് (شوعتبر) മറച്ചിട്ടാണ് വന്നത്. ഇത് കണ്ട് മൂത്താപ്പ കയറിപ്പറഞ്ഞു: മോനേ ഈ കണ്ട മുഫീദന്മാരെല്ലാം, അപ്പക്കാരണവരെല്ലാം ഇങ്ങിനെ ചെയ്യുമ്പം, നീ മാത്രം തുണിയുടുക്കുന്നത് മര്യാതയാണാടാ.......ഷെ അഴിച്ചു കള .....കുട്ടിയുടെ ഔറത്ത് തുറക്കലും നബി(സ) ബോധം കെട്ടു വീണുപോയി... അങ്ങിനെ അല്ലാഹു തആല ഒരു പരിപാടി ഇട്ടു.... മറ്റൊരിക്കൽ നബി (സ) ഓടിക്കളിക്കുമ്പോൾ കളിച്ചികൊണ്ടിരിക്കുന്നിടത്ത് കുട്ടിയെ കാണുന്നില്ല...

കുട്ടി അപ്രത്യക്ഷമായി...ജിബ്രീൽ (അ)കൊണ്ട്പോയി...സുപ്രസിദ്ധ شق الصدر ഹാർട്ട് കീറിയൊരു ഓപ്പറേഷൻ നടന്നിട്ടുണ്ട്. ഇതൊരു മതവിധിയായി മതവിശ്വാസമായി നമ്മൾ മുതലുള്ളവർ നമ്മുടെ മുൻഗാമികളും വിശ്വസിച്ച് പോന്നു.....

മതം അങ്ങിനെപറഞ്ഞു അങ്ങിനെ അത്നമ്മൾ വിശ്വസിക്കുന്നു.... നബി (സ) യുടെ ഹൃദയം കീറി..... അതിനകത്തെ അഴുക്കൊക്കെ മാറ്റി ശരിപ്പെടുത്തി... കളിച്ചു കൊണ്ടിരിക്കുന്ന കാലത്ത്... അത് നമ്മൾ ഒരു മത വിശ്വാസമായി വിശ്വസിച്ച് പോന്നതാ..... ഇപ്പഴോ...? അനിഷേധ്യമായ സത്യമായി മാറി... എന്ത് മാറി...? ഹാർട്ട് ഓപ്പറേഷൻ അല്ല.. അവന്റെ സ്വഭാവം മാറ്റുന്ന ഓപ്പറേഷൻ.....

അതെന്തുവാ....? ആ പറഞ്ഞതെന്നു മനസ്സിലായില്ല......!

ഞാൻ പറഞ്ഞത്....

www.islamkerala.com

തലമണ്ടക്കകത്ത് brain ഉണ്ടല്ലോ Brain , അതിനു പല ഭാഗങ്ങളാ....പല പാർട്ട് കൂടിച്ചേർന്നതാണ് Brain അതിലെ ഒരു പാർട്ടാണ് അമിഗ്ഡാല, അമിഗ്ഡാല എന്നു പറയുന്നത് നമുക്ക് ഭയമുണ്ടാക്കിത്തരുന്ന സാധനമാണ്......

എന്തെങ്കിലും പേടിക്കുന്ന സാധനം കണ്ടാൽ ഈ അമിഗ്ഡാല സൂക്ഷിച്ച് വെക്കും.... പിന്നെ അത് പോലോത്തെ ഒരു സംഭവം വരുമ്പോൾ നമ്മെ ഉണർത്തും......

അപ്പം നമുക്കു പേടി വരും.......നമ്മുടെ രക്ഷക്കു വേണ്ടി അല്ലാഹു സ്ഥാപിച്ചി രിക്കുന്നതാണ് ഈ അമിഗ്ഡാല.......

പേടിയില്ലെങ്കിൽ നമ്മൾ പോയി നാശകൃത്യത്തിൽ ചാടും. നമ്മളെ രക്ഷിക്കു ന്നതാണ് പേടി പലപ്പോഴും...

ഇതു മനസ്സിലാക്കിയ ഒരു ജർമ്മൻ ശാസ്ത്രജ്ഞൻ ഈയിടെ ഒരു വലിയ എലിയ പിടിച്ച് അവന്റെ തലച്ചോറെടുത്ത് അതിനകത്തു നിന്നും അമിഗ് ഡാലയങ്ങു മാറ്റി.......

എന്നിട്ടു സുഖപ്പെടുത്തിയങ്ങോട്ട് വിട്ടു...... പത്രങ്ങളിലൊക്കെ നിങ്ങൾ വായി ച്ചു കാണും.....

എലി സുഖപ്പെട്ടു പുറത്തിറങ്ങി , എലി ഒരു കണ്ടൻ പൂച്ചയുടെ മുന്നിൽ പെ ട്ടു..... ഞങ്ങളുടെ മുഫീദന്മാരെയെല്ലാം ഉപദ്രവിച്ചവനല്ലെ,,, നീയുമായിട്ട് ഒന്നു നീക്കിക്കളയാം.....

എലി പൂച്ചയുടെ നേരെ തിരിഞ്ഞു..... എലി പൂച്ചയുടെ നേരെ തിരിഞ്ഞാൽ അതിന്റെ ഫലം എന്തായിരിക്കും എന്ന് നമുക്കെല്ലാം അറിയാമല്ലോ....

ആ അമിഗ്ഡാല ഉണ്ടായിരുന്നെങ്കിൽ എലിക്കീ ഗതിവരില്ലായിരുന്നു....

അപ്പോൾ ഒരു വസ്തുവിലുണ്ടാവുന്ന ഭയം operation നിലൂടെ ഇല്ലാതാക്കാൻ നമുക്ക് കഴിയുന്നു,,, ഇത് സത്യമാണെങ്കിൽ, റഹ്മത്തുൻ ലിൽ ആലമീൻ അല്ലാഹുവിന്റെ മഖ്ലൂക്കാത്തിൽ വച്ചേറ്റവും ഉത്തമനും ഉൽകൃഷ്ടനും , അവന്റെ പ്രത്യയ ശാസ്ത്രത്തിന്റെ പരിപൂർണ്ണത ലോകത്ത് ബോധ്യപ്പെടുത്തി അല്ലാഹുവിന്റെ പ്രത്യയ ശാസ്ത്രം പൂർണ്ണമായി വിജയിപ്പിക്കുന്നതിന് വേണ്ടി അല്ലാഹുവിൻ

നിയുക്തനായ നബി (സ)........

www.islamkerala.com

*ആ നബി (സ) യുടെ ഉള്ളിലേക്ക് അല്ലാഹുവിന്റെ കലാം വെക്കുന്നതിന് ഈ സാധാരണ ഹൃദയം പോര...*

*അതൊന്നു കീറി അതിനകത്ത് നിന്ന് കുറവുകളെല്ലാം മാറ്റി മനുഷ്യ സഹജമായ കുറവുകളെല്ലാം മാറ്റി ,അല്ലാഹു ഉദ്ദേശിച്ച എന്തൊക്കെയോ അതിൽ സ്ഥാപിച്ച്.... ഒരു ഓപ്പറേഷൻ നടന്നിറ്റുണ്ട് ജിബ്‌രീൽ (അ) ന്റെ നേതൃത്വത്തിൽ........*

*അപ്പോൾ ക്രിസ്റ്റിൻ ബർണാടനും , ജർമ്മൻ ശാസ്ത്രജ്ഞനുമെല്ലാം ഓപ്പറേറ്റ് ചെയ്ത് അവന്റെ മനോഭാവം തന്നെ മറ്റാനുള്ള കെൽപ് ഇന്നുണ്ടെങ്കിൽ , ഈ കഴിവ് ആ ഡോക്ടർക്കു നർകിയത് പടച്ചവനും....*

*അതു സമ്മതിക്കണം.....അല്ലാ!!! അത് വെറുതെയാണ്...... അതവൻ പഠിച്ചുണ്ടാക്കിയതാണ്....... എന്നു പറഞ്ഞാൽ അവനുമായി സംസാരമില്ല.... ഇതു മുഅ്മിനീങ്ങളുമായാണ് ചർച്ച....*

*അപ്പം ഈ ഡോക്ടർക്ക് ആ കഴിവ് കൊടുത്ത പടച്ചവൻ, ആ പടച്ചവനും ജിബ്‌രീൽ (അ) മും ചേർന്ന് സംയുക്തമായിട്ട് നബി (സ) യുടെ ഹൃദയം ഓപ്പറേഷൻ ചെയ്ത് അതിന്റെ കുറവുകൾ മാറ്റി അതിൽ എന്തോ ഒന്ന് സ്ഥാപിക്കുന്നതിന്ന് വേണ്ടിയുള്ളൊരു അവാജ്യമായ അവഗണമീയമായ ഒരു ആവശ്യകതയിലേക്ക് ഹൃദയത്തെ അല്ലാഹുവതആല കൊണ്ടുവന്നൂന്നാണ് ആ പറഞ്ഞതിന്റെ അർത്ഥം.....!!*

*അപ്പോൾ അല്ലാഹുവിന്റെ കലാം ഈ വ്യക്തിയിൽ ഇറക്കാനുള്ള പാകത വരുത്തലായിരുന്നു ഈ ഓപറേഷൻ..... ആ ഹൃദയത്തോടു കൂടി വളർന്നു.. അങ്ങിനെ 40 വയസ്സ് പൂർണ്ണമായി. മാനസികവും ശാരീരികവും ആയ വളർച്ചയെത്തി..... മേൽ പറഞ്ഞ ഹൃദയത്തിലോട്ട് ഇറക്കിക്കൊടുക്കുകയാണ് അല്ലാഹുതആല ഈ കലാമിനെ.......*

*അല്ലാഹു അപറയുന്നു :*

لَوْ أَنزَلْنَا هَذَا الْقُرْآنَ عَلَى جَبَلٍ لَّرَأَيْتَهُ خَاشِعًا مُّتَصَدِّعًا مِّنْ خَشْيَةِ اللَّهِ

*ഈ ഖുർആനിനെ ഒരു പർവ്വതത്തിന്റെ മുകളിലേക്ക് ഞാൻ ഇറക്കിയെങ്കിൽ അത് വിനയാന്വിതനായി തവിടുപൊടിയാവുന്നത് നിനക്കു കാണാൻ കഴിയുമായിരുന്നു.*

*‘ പൊട്ടിപൊളിയും.....*

www.islamkerala.com

*ഖുർആൻ പറയുന്നതാ....ഇത് ഖുർആനിനകത്തുള്ളതാ......!!*

*ഇതംഗീകരിക്കാതിരുന്നാൽ മെമ്പർഷിപ്പ് ഇല്ലെന്ന് നേരത്തെ പറഞ്ഞിറ്റുണ്ട്.......*

*അപ്പം പരിശുദ്ധ ഖുർആൻ, നബി (സ)യുടെ മേലിറക്കിയ സാധനം ഒരു പാറ ക്കല്ലിന്റെ മേലിറക്കിയിരുന്നെങ്കിൽ അത് കാണത്തില്ലെന്ന് അല്ലാഹു തന്നെ പറയുന്നു ഖുർആനിൽ.......*

*അത് പിടിക്കാനുള്ള കെൽപുണ്ടാക്കിയതാണീ ഓപ്പറേഷൻ.......*

*മല തവിടുപൊളിയാവുമെന്നതിന് തെളിവും , ഇതിന്റെ പൂർണ്ണ രൂപം ഖുർആ നിലുണ്ട്. കുറച്ച് മുമ്പേ തൗറാത്ത് വാങ്ങാൻ പോയ മൂസാനബി (അ) ക്ക് അല്ലാഹു തആലയുമായുള്ള മുനാജാത്തിന്റെ സ്വഭാവം അറിയാമല്ലോ.....*

وَلَمَّا جَآءَ مُوسَىٰ لِمِيقَاتِنَا وَكَلَّمَهُ رَبُّهُ قَالَ رَبِّ أَرِنِي أَنظُرْ إِلَيْكَ قَالَ لَن تَرَانِى وَلَـٰكِنِ انْظُرْ إِلَى الْجَبَلِ فَإِنِ اسْتَقَرَّ مَكَانَهُ فَسَوْفَ تَرَانِى فَلَمَّا تَجَلَّىٰ رَبُّهُ لِلْجَبَلِ جَعَلَهُ دَكًّا وَخَرَّ موسَىٰ صَعِقًا

*പടച്ചോനേ എനിക്കൊന്നു കാണണം നിന്നെ......* رَبِّ أَرِنِي أَنظُرْ إِلَيْكَ

*എന്നെ കാണാൻ നിനക്കു സാധ്യമല്ല.....!* قَالَ لَن تَرَانِى

*എനിക്കൊന്നു കാണണം നിർബന്ധമാ....!*

*അങ്ങിനെയെണേൽ ആ മലയുടെ മുകളിലേക്ക് നിയൊന്ന് നോക്കുക....*

*അല്ലാഹുവിന്റെ ഒരു നൂറാനിയത്ത് മാത്രമാണ് അവിടെ പ്രത്യക്ഷപ്പെട്ടത്... അല്ലാഹുവിന്റെ ഒരു പ്രകാശം.. അപ്പോഴേക്കും മല തകിടാമറിഞ്ഞു.. ഹലാ ക്കായി ....മൂസാ നബി (അ) ബോധവും കെട്ടു....*

فَلَمَّا تَجَلَّىٰ رَبُّهُ لِلْجَبَلِ جَعَلَهُ دَكًّا وَخَرَّ موسَىٰ صَعِقًا

*ഈ നൂറാനിയത്ത് അങ്ങനെ പ്രത്യക്ഷപ്പെട്ടപ്പോൾ മല തവിടുപൊടിയായെന്ന് ഖുർആൻ പറയുമ്പോൾ അല്ലാഹുവിന്റെ കലാമാകുന്ന, അവന്റെ ഏറ്റവും വലിയ സ്വിഫാത്തുകളിൽ ഒന്നായ, ആ കലാമിനെ അല്ലാഹു സുബ്ഹാനഹു വതആല ഒരു മലയുടെ മുകളിലിറക്കിയാൽ ആ മല തവിടുപൊടിയാവു മെന്ന് പറയുന്നതിൽ വല്ല അത്ഭുതവുമുണ്ടോ....?*

*പ്രിയപ്പെട്ട സഹോദരങ്ങളേ.......*

*ഇത് രണ്ടും കൂട്ടിച്ചേർത്ത് ഒന്ന് വായിച്ചേ......*

www.islamkerala.com

*ഇതാണ് ഖുർആൻ.......!!*

*ഈ ഖുർആനിനേയാണ് റസൂലുല്ലാഹി (സ)ക്ക് ഇറക്കിക്കൊടുത്തത്............. അതല്ലാഹുവിൽനിന്നും* نزل على محمد وهو الحق من ربه *ഹഖായ വേദമായി മുഹമ്മദ് (സ)ന്ന് ഇറക്കിക്കൊടുത്തു....*

*ഇറക്കിയ രീതിയൊക്കെ നിങ്ങൾക്കറിയാവുന്നതാണ്.......*

*ഖുർആൻ അങ്ങോട്ടിറങ്ങി, നബി (സ) ജിബ്‌രീൽ ഓതിക്കേൾപ്പിച്ചു. നബി (സ) അത് പഠിക്കാൻ ഒരൽപം വെപ്രാളം കാണിച്ചു.....പഠിച്ചത് ഉറപ്പിച്ചു നിർത്താൻ വേണ്ടി.... ശകലം ധൃതി കാണിച്ചു.....*

*ആപ്പോൾ അല്ലാഹു തആല തടഞ്ഞു ....*

لَا تُحَرِّكْ بِهِ لِسَانَكَ لِتَعْجَلَ بِهِ = إِنَّ عَلَيْنَا جَمْعَهُ وَقُرْآنَهُ = فَإِذَا قَرَأْنَاهُ فَاتَّبِعْ قُرْآنَهُ = ثُمَّ إِنَّ عَلَيْنَا بَيَانَهُ

*ഏ നാക്കിട്ടിളക്കല്ലെ മുഹമ്മദേ!!!!!!* لَا تُحَرِّكْ بِهِ لِسَانَكَ لِتَعْجَلَ بِهِ *നിനക്ക് വേഗം പഠിക്കാൻ വേണ്ടി ദൃതി പിടിക്കണ്ട, അത് ഓതിത്തരേണ്ടതും , അത് നിന്റെ മനസ്സിൽ നിർത്തിത്തരേണ്ടതും എന്റെ ജോലിയാ......അത്കൊണ്ട് ഇപ്പം ഓതാനങ്ങ് പഠിക്ക്... ഇപ്പം ഓതിത്തരുന്നത് പോലെയങ്ങ് പഠിക്ക്.....*

*ഓതാൻ പഠിക്കലും വ്യാഖ്യാനം പഠിക്കലും രണ്ടും രണ്ടാ.... അത് ഇവിടെ നിന്നും പഠിച്ചോളണം...... പഴയ ഉസ്താതുമാരും മൊല്ലാക്കമാരും ചെയ്തിരുന്നില്ലേ.... അതാണു ശരി , ആദ്യം ഖുർആൻ ഓതാൻ പഠിപ്പിക്കുക പിന്നെ എത്രകാലം കഴിഞ്ഞാണ് ഖുർആൻ വ്യാഖ്യാനം പഠിപ്പിക്കുന്നത്, എത്ര കൊല്ലങ്ങൾ കഴിഞ്ഞാണ്...*

*ഇന്ന് പരിശുദ്ധ ഖുർആൻ കുട്ടികൾ പഠിക്കുമ്പോൾ തന്നെ അതിന്റെ വ്യാഖ്യാനവും പഠിക്കണമെന്നാ... എത്ര അപകടകരമായ വാദമാണത്......*

*ഇന്ന് സുന്നത്ത് ജമാഅത്തിൽ പെട്ട ആൾക്കാരും പിറുപിറുത്ത് തുടങ്ങി..... അർത്ഥം ഉൾപ്പെടെ പഠിക്കണം , അർത്ഥം ഉൾപ്പെടെ പഠിക്കണം.....!*

*എന്റെ വീട്ടിലിരുന്ന് കൊണ്ട് രണ്ടു ചെറുപ്പക്കാര് , സുന്നത്ത് ജമാഅത്തിന്റെ ആൾക്കാർ എന്ന് പറയുകയും അവരുടെ മദ്രസ്സയിൽ പഠിപ്പിക്കുകയും ചെയ്യുന്ന രണ്ട് ചെറുപ്പക്കാർ ,, " ഖിറാഅത്തിന്റെ അർത്ഥം കുട്ടികൾക്ക് പഠിപ്പിക്കണ്ടാ എന്നാണോ ഉസ്താദ് പറയുന്നത് "......ഞാൻ പറഞ്ഞു : ' ഇതെന്റെ*

www.islamkerala.com

*വീടായിപ്പോയി , അല്ലേൽ ഞാൻ ചവിട്ടി പുറത്താക്കിയേനേ... LLB ഇവിടെ Law ക്രിമിനലും സിവിലും ഉള്ള Law പഠിക്കാൻ അഡ്മിഷൻ കൊടുക്കണ മെങ്കിൽ,,,, ഒരത്ഭുത ശിശു 16, 18, വയസ്സുള്ള... അത്ഭുതമാ, അവനറിയാൻ വയ്യാത്ത ഒരു കാര്യവുമില്ല..... അങ്ങിനത്തെ ഒരു കുട്ടി ഉണ്ടാ യന്ന് വക്കുക... അത്ഭുതശിശുക്കളെന്നും പറഞ്ഞ് നമ്മള് പലതും കേൾക്കു ന്നില്ലെ.... അങ്ങിനത്തെ ഒരത്ഭുത ശിശുവായാലും , അവന്ന് നിയമം പഠിക്കു ന്നതിന്ന് അഡ്മിഷൻ കോളേജിൽ കൊടുക്കണമെങ്കിൽ വയസ്സിലും അത് തികയ ണ്ടേ...?*

*വെറും ഇവിടത്തെ സിവിലും ക്രിമിനലുമായ Law പഠിക്കണമെങ്കിൽ!!!*

*നേരത്തെ പറഞ്ഞ ഏഴു സമുദ്രം കൂടി വന്ന് ഇവിടുത്തെ സമുദ്രത്തിലോട്ട് ചേർന്നാലും ഖുർആനിന്റെ ഉള്ളടക്കം*

*തീരുകയില്ല എന്നു പറഞ്ഞ ഖുർആൻ....*

*അർത്ഥം കൊച്ച് കുട്ടികൾ ഓതുന്നതോടു കൂടെ തന്നെ ഖുർആനിന്റെ അർ ത്ഥവും പഠിക്കണമെന്ന് വാദിക്കുന്നവർ ആരായാലും അവനെപ്പോലെ അബ ദ്ധക്കാരൻ വേറെയില്ല... എല്ലാത്തിന്റെയും അടിത്തറതന്നെ പൊളിക്കുന്ന ഒരു വാദമാണത്.......*

*ഇവിടെ അല്ലാഹിവിന്റെ റസൂൽ (സ) മേൽ പറഞ്ഞ ഓപ്പറേഷൻ നടത്തി ഉണ്ടാക്കി ഈ ഹൃദയത്തോടു കൂടിയ നബി (സ) മഖ്‌ലൂക്കാത്തിൽ ഏറ്റവും വലിയ* حافظ *ആയ നബി (സ)......*

*ആ നബിയോട് പറഞ്ഞത് ആദ്യം ഓതാൻ പഠിക്കുക* ثم ان علينا بيانه *പിന്നീട് കുറേ കഴിഞ്ഞിട്ട് ഞാനതിന്റെ അർത്ഥം പറഞ്ഞു തരാം...... അതിന്റെ വ്യാഖ്യാ നം പഠിപ്പിച്ചു തരും.... അത് ജിബ്‌രീലിന്റെ ജോലി അല്ല..... ജിബ്‌രീൽ (അ) തോപ്പിച്ചറ ഓതിക്കൽ ഉപ്പൂപ്പാന്റെ പണിയാ.....*

*തോപ്പിച്ചിറ ഉപ്പൂപ്പയാണ് ഞങ്ങളെയോക്കെ ഖുർആൻ ഓതാൻ പഠിപ്പിച്ചത്.....*

*ജിബ്‌രീൽ വന്ന് ഖുർആൻ ഓതാൻ പഠിപ്പിക്കുകയാ ചെയ്തത് ....*

ثم ان علينا بيانه *അത് ബയാൻ ചെയ്തു തരൽ എന്റെ ബാധ്യതയാണ്......*

*അപ്പം ഖുർആൻ പഠിക്കുന്നത് ഒന്ന്, അതിന്റെ വ്യാഖ്യാനം പഠിക്കുന്നത് മറ്റൊ ന്നാണ്....*

www.islamkerala.com

ثم എന്ന പദം സാധാരണക്കാർക്കറിയില്ല ......جاء زيد ثم عمر എന്നു പറഞ്ഞാ زيد ന്റെ കൂടെ عمر വരാൻ പാടില്ല .....جاء زيد زيد വന്നു ثم عمر പിന്നെ عمر എന്നു പറഞ്ഞാൽ അവർ രണ്ടുപേരും ഒരിക്കലും ഒന്നിച്ച് വരാൻ പാടില്ല..... ثم എന്നു... جاء زيد و عمر ഇട്ടു പറഞ്ഞാൽ زيد ന് ഒപ്പം വരാം...عمر ന്റെ ഒപ്പം വരാം.... ഇച്ചിരി മുൻപേ വേണേലും വരാം... രണ്ടു പേരും വരണമന്നേ ഉള്ളൂ....

جاء زيد فعمر എന്നു പറഞ്ഞാൽ زيدവന്ന ഉടനെ عمرവന്നു...മുൻപേ ആവാനും , താമസിക്കാനും പാടില്ല.....

زيد വന്ന ഉടനെ عمر വന്നു جاء زيد ثم عمر എന്നു പറഞ്ഞാലോ ഒരുക്കലും زيد ന്റെ കൂടെ عمر വരാൻ പാടില്ല........

زيد വന്നിട്ട് കുറേ കഴിഞ്ഞിട്ട് വരണം..... അപ്പഴേ ثم ഉപയോഗിക്കാവൂ.... ഇതാണല്ലോ قاعدة....

അപ്പോൾ അല്ലാഹു തആല ഇവിടെ ഉപയോഗിച്ചത് ثم ان علينا بيانه പിന്നീട് കുറച്ചു കഴിഞ്ഞിട്ട് വ്യാഖ്യാനിക്കാം...... അങ്ങിനെ അല്ലാഹു സുബ്ഹാനഹു വതആല ജിബ്‌രീലിനെ(അ) കൊണ്ടോതിക്കേൾപിച്ചു.... അതിന്റെ ഉള്ളടക്കം الله പറഞ്ഞു കൊടുത്തതാ.....

അല്ലാഹു നബി (സ) യുടെ ഹൃദയത്തിലൂട്ടി കൊടുത്തതാണിതിന്റെയൊക്കെ ഉള്ളടക്കം.....

അതൊരു സമൂഹത്തെ പടച്ചവൻ ഉദ്ദേശിക്കുന്ന സ്ഥാനത്തേക്ക് എത്തിക്കുന്ന തിനാവിശ്യമായതും.... പിന്നെയൊക്കെ.....

() പിന്നെത്രയോ അറിവ് ,അല്ലാഹു തങ്ങളുടെ ഹൃദയത്തിലേക്കിട്ടു കൊടുത്തിട്ടുണ്ടെന്നല്ലാതെ ഖുർആനിനെ ഖുല്ല് നമുക്കാർക്കും കിട്ടത്തില്ല.......

അങ്ങിനെ നബി (സ) യോടും പിന്നീട് ഞാൻ വ്യാഖ്യാനിച്ചു തരാം എന്നു പറഞ്ഞു...... വ്യാഖ്യാനിച്ചു കൊടുത്തു കാണും അല്ലേ......?

അങ്ങിനെ വ്യാഖ്യാനിച്ചുകൊടുത്ത് നബി (സ)യെ പാകപ്പെടുത്തിയെടുത്തു...

ഇനിയെന്താ അടുത്ത ഓർഡർ എന്നറിയാവോ......

www.islamkerala.com

*بيان ചെയ്തു കൊടുത്തിട്ട് നബി(സ) യോട് അല്ലാഹു തആല പറയുന്നു*

إِنَّا أَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ لِتَحْكُمَ بَيْنَ النَّاسِ بِمَا أَرَاكَ اللّهُ وَلاَ تَكُن لِّلْخَآئِنِينَ خَصِيمًا

*നിന്നിലേക്ക് നാം كتاب നെ ഇറക്കിത്തന്നു. لِتَحْكُمَ بَيْنَ النَّاسِ ജനങ്ങളുടെ ഇടയിൽ നീ വിധിക്കാൻ വേണ്ടി....*

بِمَا أَرَاكَ اللّهُ *അല്ലാഹുതആല നിനക്ക് വ്യാഖ്യാനിച്ചുതന്നതുകൊണ്ട് നിനക്ക് അല്ലാഹുതആലാ മനസ്സിലാക്കിത്തന്നതിനെ കൊണ്ട് നീ വിധിക്കണം.......... മറ്റാർക്കും അതിനകത്ത് അധികാരമില്ല.....*

*ഖുർആൻ കൊണ്ട് വിധി പറയാനുള്ള അധികാരം നിനക്കാണുള്ളത്.......*

*വിധിക്കുന്നവർ നീയാണ്.......*

وَأَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ فَاحْكُم بَيْنَهُم بِمَا أَنزَلَ اللّهُ وَلاَ تَتَّبِعْ أَهْوَاءهُمْ عَمَّا جَاءكَ مِنَ الْحَقِّ

*നിന്റെ മേൽ ഖുർആൻ ഇറക്കിത്തന്നു.......*

*അതിന്റെ ആ ഖുർആനിന്റെ വിശേഷണങ്ങൾ എല്ലാം പറഞ്ഞിട്ട് അതിനു മുൻപുള്ള كتاب കളെ ശരി വെക്കുന്നതും, അവയെ*

*കാത്തു സൂക്ഷിക്കുന്നതുമാണെന്നെല്ലാം പറഞ്ഞിട്ട് പറഞ്ഞു: നിനക്കിറക്കിത്ത ന്നതായ ഒന്നു കൊണ്ട് فَاحْكُم بَيْنَهُم بِمَا أَنزَلَ اللّهُ നീ വിധിക്കണം......*

*ഇതു പോലെ എത്ര സ്ഥലത്താ........*

وَمَا أَنزَلْنَا عَلَيْكَ الْكِتَابَ إِلاَّ لِتُبَيِّنَ لَهُمُ الَّذِي اخْتَلَفُواْ فِيهِ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ *ഈ ഖുർആനിനെ നിന്റെ മേലിറക്കിയിട്ടില്ല* إِلاَّ لِتُبَيِّنَ لَهُمُ الَّذِي اخْتَلَفُواْ *അവരിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് നീ വ്യാഖ്യാനിച്ചു കൊടുക്കാൻ വേണ്ടിയല്ലാതെ.......*

*അപ്പം ശരിക്ക് നെഞ്ചത്ത് കൈവച്ചു കൊണ്ടാലോചിക്കണം.......!!*

*ഖുർആൻ കൊണ്ട് വിധി പറയാൻ, വിധിക്കാൻ നബി (സ) ക്കല്ലാതെ മറ്റാർക്കും അധികാരമില്ലെന്ന് പരിശുദ്ധ ഖുർആൻ തന്നെ പറയുന്നു.......! ഒരുത്തൻ ഉണ്ടെന്ന് പറഞ്ഞാൽ ഖുർആനിന്റെ നസ്സിന് വിരുദ്ധമായി വിധി പറഞ്ഞ കേസ്സിന് അവൻ ദീനിൽ നിന്നും പുറത്ത് പോവും........!*

www.islamkerala.com

അപ്പോൾ ഖുർആൻ കൊണ്ട് വിധിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം നബി (സ)ക്കു മാത്രമാണ്......

സിഡി ഒന്ന് ഇവിടെ അവസാനിക്കുന്നു. രണ്ടാമത്തെ സിഡി ഉടൻ പ്രതീക്ഷിക്കുക.

======================

നാഥാ! ഞങ്ങളിൽ നിന്ന് ഇത് നീ സ്വീകരിക്കേണമേ, ഈ പ്രഭാഷണം നടത്തിയ ബഹു : വയലിത്തറ ഉസ്താദിനെയും ഞങ്ങളെയും ഞങ്ങളുടെ മാതാപിതാക്കളെയും ഞങ്ങൾക്ക് വേണ്ടപ്പെട്ടവരെയും വളരെ പ്രയാസകരമായി സാഹസപ്പെട്ട് ഇത് ലിപിയിലേക്ക് മാറ്റിത്തന്ന സഹോദരിയേയും അവരുടെ കുടുംബത്തെയും, ഇത് ടൈപ്പ് ചെയ്ത സഹോദരനെയും ഈ സന്ദേശം വായിക്കുന്നവരെയും ഇത് മറ്റുള്ളവർക്ക് ഫോർവേഡ് ചെയ്യുന്നവരെയും, ഈ സിഡി പരിപാടി ആരാണോ സംഘടിപ്പിച്ചത് അവരെയും പ്രത്യേകിച്ച് സഊദി അറേബ്യയിൽ നിന്നും ഇത് അയച്ചു തന്ന സഹോദരനടക്കം ഒട്ടേറെ പേർ ഇതുമായി ബന്ധപ്പെട്ടിട്ടുണ്ട് അവരെ എല്ലാവരെയും കൂടി ഇഹത്തിലും പരത്തിലും നിന്റെ പ്രത്യേക കാവൽ ലഭിക്കുന്നവരിൽ നീ ഉൾപ്പെടുത്തേണമേ! ആമീൻ.

ഇത് മലയാള ലിപിയിലേക്ക് മാറ്റിയത് : ഉമ്മു ആയിശ

ഇത് ടൈപ്പ് ചെയ്തത് : ഇഖ്ബാൽ കുന്നരിയത്ത്, മേൽപറമ്പ്


**ഇസ്‌ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത്**

**സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്‌സൈറ്റ്**

# www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861

www.islamkerala.com